# കുടുംബ പ്രേഷിത ശുശ്രൂഷ
## നെയ്യാറ്റിൻകര ലത്തീൻ രൂപത

**ജോൺ പോൾ ഹോം, പത്താംകല്ല്,**
**ആറാലുംമൂട് - 695123, നെയ്യാറ്റിൻകര**

No.DN/FAM/C/38/09/2023 05.09.2023

സ്നേഹം നിറഞ്ഞ റവ.സിസ്റ്റർ സുപ്പീരിയർ, റവ.സിസ്റ്റേഴ്സ്,

നെയ്യാറ്റിൻകര രൂപത കുടുംബ പ്രേഷിത ശുശ്രൂഷയിൽ നിന്നും പ്രാർത്ഥനാശംസകൾ!

കുടുംബ പ്രേഷിത ശുശ്രൂഷയുടെ പ്രവർത്തനങ്ങൾക്ക് സിസ്റ്റേഴ്സ് നൽകി വരുന്ന സഹകരണത്തിന് നന്ദി! ഏറെ കാര്യങ്ങൾ പ്രസ്തുത ശുശ്രൂഷ വഴി നിർവ്വഹിക്കുവാൻ നിങ്ങളുടെ നല്ല സഹകരണം ഇനിയും ആവശ്യമാണ്. **"പുനർജനി "** (A psycho-Socio-Spiritual Center) counselling center - ന്റെ പ്രവർത്തനങ്ങൾ വിപുലീകരിക്കുന്നതിന്റെ ഭാഗമായി MSW, Counselling spychology തുടങ്ങിയ വിഷയങ്ങളിൽ പഠിച്ചു കൊണ്ടിരിക്കുന്നതോ പഠനം പൂർത്തിയാക്കിയവരോ ആയിട്ടുള്ള സിസ്റ്റേഴ്സിന്റെ സേവനം ആവശ്യമായതിനാൽ നിങ്ങളുടെ കോൺവെന്റിലെ സിസ്റ്റേഴ്സിൽ ആരെങ്കിലും പ്രസ്തുത കോഴ്സുകളിൽ പഠന പരിശീലനം ഉള്ളവരുടെ പേരുവിവരം താഴെപറയുന്ന **ഗൂഗിൾ ഫോം** വഴി പൂരിപ്പിച്ച് അയച്ചുതരണമെന്ന് അപേക്ഷിക്കുന്നു.

അതോടൊപ്പം രൂപത കുടുംബ പ്രേഷിത ശുശ്രൂഷ രൂപതയിലാകമാനം **"നാം കൂടെയുണ്ട് "** എന്ന പദ്ധതിപ്രകാരം **ഹോം മിഷൻ** പരിപാടി നടപ്പിലാക്കുവാൻ പോകുന്നു. അതിലേയ്ക്ക് നമ്മുടെ രൂപതയിലെ എല്ലാ കോൺവെന്റുകളിൽ നിന്നും ഒന്നോ രണ്ടോ സിസ്റ്റേഴ്സിനെ നൽകി സഹായിക്കേണ്ടതാണ്. അവർക്ക് പ്രത്യേകം പരിശീലനവും പഠനങ്ങളും നൽകി ഒരുക്കുന്നതാണ്. രൂപതാദ്ധ്യക്ഷൻ ഔദ്യോഗികമായി നിങ്ങളെ കത്തിലൂടെ ഇതിന്റെ പരിശീലന ദിനവും മറ്റു കാര്യങ്ങളും പിന്നാലെ അറിയിക്കുന്നതാണ്. ഇപ്പോൾ തന്നെ കമ്യൂണിറ്റിയിൽ ഇവ ചർച്ച ചെയ്ത് പങ്കെടുക്കേണ്ടുന്ന സിസ്റ്റേഴ്സിനെ നിശ്ചയിക്കുകയും പ്രസ്തുത **ഗൂഗിൾ ഫോമിൽ** രേഖകൾ പൂരിപ്പിച്ച് ഈ മാസം 13-ാം തീയതിയ്ക്കുള്ളിൽ അയയ്ക്കുകയും ചെയ്യേണ്ടതാണ്.

സഹകരണം പ്രതീക്ഷിച്ചുകൊണ്ട്,

Google form: 1. Counselling
2. Home Mission

ഫാ. ജസ്റ്റിൻ ഫ്രാൻസിസ്
എക്സി. സെക്രട്ടറി

ഫാ. ജോസഫ് രാജേഷ്
ഡയറക്ടർ